facebook
Sign Up
Email or phone
Password
Log In
Forgotten account?

Harikishore S
4 June 2020

Making An Impact - 273

ഫലപ്രദമായി ഡിഡിയുജികെവൈ ഇ-ലേണിങ് പോർട്ടൽ

ഗ്രാമങ്ങളിലെ യുവതീയുവാക്കൾക്കായി കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സൗജന്യ നൈപുണ്യ പരിശീലന പദ്ധതിയായ ഡിഡിയുജികെവൈ(ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)യുടെ ഭാഗമായ പരിശീലനാർത്ഥികൾക്ക് വേണ്ടി ലോക്ഡൗൺ കാലയളവ് ഫലപ്രദമായി വിനിയോഗിക്കാൻ വിവിധ സൗകര്യങ്ങൾ ഒരുക്കി നൽകിയതിനെക്കുറിച്ച് Making an Impact 240ലും പ്രത്യേക ഓൺലൈൻ കോഴ്സ് നൽകുന്നതിനായി ഇ- ലേണിങ് പോർട്ടൽ തയാറാക്കി നൽകിയതിനെക്കുറിച്ച് Making an Impact 241ലും എഴുതിയിരുന്നുവല്ലോ. കൂടാതെ പരിശീലനാർത്ഥികളുടെ ആശങ്കയകറ്റുന്നതിനും കോവിഡ് 19 പ്രതിസന്ധിയെക്കുറിച്ച് മനസ്സിലാക്കുന്നതിനായി നടപ്പാക്കിയ ടെലഫോൺ ബിഫ്രണ്ടിങ് പ്രവർത്തനത്തെക്കുറിച്ച് ഇന്നലെ (Making an Impact 271) നിങ്ങൾ വായിച്ചിരിക്കുമല്ലോ. മേയ് അഞ്ച് മുതൽ ആരംഭിച്ച കുടുംബശ്രീയുടെ ഈ പ്രത്യേക ഇ-ലേണിങ് പോർട്ടൽ ഡിഡിയുജികെവൈ പരിശീലനാർത്ഥികൾക്ക് ഏറെ ഗുണകരമായിക്കഴിഞ്ഞിരിക്കുന്നു.

ലോക്ഡൗൺ കാലയളവ് കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിനും അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്ന ഒരു പ്രത്യേക ഓൺലൈൻ കോഴ്സ് നൽകുക എന്ന നൂതന ആശയമാണ് ഇതുവഴി ഞങ്ങൾ നടപ്പാക്കിയത്. ഇംഗ്ലീഷ് ഭാഷയിലെ പരിശീലനാർത്ഥികളുടെ പ്രാവീണ്യവും സോഫ്റ്റ് സ്കിൽസും മെച്ചപ്പെടുത്തുന്നതിനായാണ് ഈ ഓൺലൈൻ കോഴ്സ് നടപ്പാക്കിയത്. ഡിഡിയുജികെവൈ പരിശീലന ഏജൻസിയായ സ്കിൽ പ്രൊ, നിശ്ചിത തുക ഈടാക്കി ഐശിക്ഷ എന്നപേരിൽ ഇത്തരത്തിലൊരു ഓൺലൈൻ കോഴ്സ് നടപ്പാക്കുന്നുണ്ടെന്ന് അറിഞ്ഞതിനാൽ തന്നെ അവരുമായി ഇതേക്കുറിച്ച് ആശയവിനിമയം നടത്തി. അവർ ഈ ഓൺലൈൻ കോഴ്സ് എല്ലാ പരിശീലനാർത്ഥികൾക്കുമായി സൗജന്യമായി ലഭ്യമാക്കുകയായിരുന്നു.

ഒരു മാസം കൊണ്ട് പഠിച്ച് പൂർത്തിയാക്കാവുന്ന രീതിയിലാണ് ഈ ഓൺലൈൻ കോഴ്സ് തയാറാക്കിയത്. അതാത് പരിശീലന ഏജൻസികൾ വഴി ഓൺലൈൻ കോഴ്സിനായി രജിസ്ട്രർ ചെയ്ത പരിശീലനാർത്ഥികൾക്ക് മൊബൈലോ ലാപ്ടോപ്പോ മുഖേന ഓൺലൈൻ കോഴ്സ് ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് ലോഗ് ഇൻ ചെയ്ത് കോഴ്സ് പഠിക്കാവുന്ന രീതിയാണ് പിന്തുടർന്നത്. ബേസിക് കോൺവർസേഷണൽ ഇംഗ്ലീഷിൽ അഞ്ച് മൊഡ്യൂളുകളും സോഫ്റ്റ് സ്കിൽസിൽ രണ്ട് മൊഡ്യൂളുകളുമാണുള്ളത്. സ്വയം പരിചയപ്പെടുത്തൽ, സഹപ്രവർത്തകരോടും മറ്റുള്ളവരോടുമുള്ള സംഭാഷണം, ഉപദേശങ്ങൾ തേടലും നൽകലും, മേൽവിലാസ വിവരങ്ങൾ അന്വേഷിക്കലും പങ്കുവയ്ക്കലും, വികാരങ്ങളുടെ പ്രകടിപ്പിക്കൽ എന്നീ മൊഡ്യൂളുകളാണ് ഇംഗ്ലീഷ് വിഭാഗത്തിലുള്ളത്. ജോലിക്ക് പോകുമ്പോൾ നടത്തേണ്ട തയാറെടുപ്പ്, ജോലി സ്ഥലത്ത് പുലർത്തേണ്ട ഉചിതമായ മനോഭാവം എന്നീ മൊഡ്യൂളുകളാണ് സോഫ്റ്റ്സ് സ്കിൽസ് വിഭാഗത്തിലുള്ളത്. വീഡിയോകളും പവർ പോയിന്റ് പ്രെസന്റേഷനുകളും സചിത്ര വിവരണങ്ങളും വീഡിയോ വിവരണങ്ങളുമെല്ലാം അടങ്ങുന്ന പാഠങ്ങളാണുള്ളത്.

ഓരോ മൊഡ്യൂളുകൾ കഴിയുമ്പോഴും അത് അടിസ്ഥാനമാക്കി പരീക്ഷകളും നൽകിയിട്ടുണ്ട്. ഓരോ മൊഡ്യൂളിന് ശേഷമുള്ള പരീക്ഷയിൽ 50 ശതമാനം മാർക്ക് കിട്ടുന്നവർ വിജയിക്കും. ഓരോ മൊഡ്യൂളിന്റെയും പരീക്ഷ അഞ്ച് തവണ എഴുതാൻ ഒരു വിദ്യാർത്ഥിക്ക് കഴിയും. ഓരോ കുട്ടിയുടെയും പഠനപുരോഗതി മനസ്സിലാക്കാൻ ആപ്ലിക്കേഷൻ വഴി പിഐഎയ്ക്കും കഴിയും. മുഴുവൻ മൊഡ്യൂളുകളും പൂർത്തിയായിക്കഴിയുമ്പോൾ അവസാനഘട്ട പരീക്ഷയും നടത്തും.

ഈ ഓൺലൈൻ കോഴ്സ് സംബന്ധിച്ച വിവരങ്ങൾ അറിയിച്ച അന്ന് മുതൽ തന്നെ മികച്ച പ്രതികരണമാണ് കുട്ടികളിൽ നിന്ന് ലഭിച്ചത്. 46 ഏജൻസികൾ മുഖേന 3540 കുട്ടികൾ ഓൺലൈൻ കോഴ്സിനായി രജിസ്ട്രർ ചെയ്തു. 767 കുട്ടികൾ ഏഴ് മൊഡ്യൂളുകളും പൂർത്തിയാക്കി. 417 കുട്ടികൾ അവസാനഘട്ട പരീക്ഷ പാസായി സർട്ടിഫിക്കറ്റും നേടിക്കഴിഞ്ഞു. 1542 കുട്ടികൾ വിവിധ മൊഡ്യൂളുകൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റ് സൗകര്യം തീരെ ലഭ്യമല്ലാത്തതിനാൽ 1231 കുട്ടികൾക്ക് പഠനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള പരിഹാരം കണ്ട് ഇവർക്ക് ഈ ഓൺലൈൻ കോഴ്സ് പഠിക്കാനുള്ള സൗകര്യം ഒരുക്കി നൽകാനുള്ള ശ്രമത്തിലാണ് ബന്ധപ്പെട്ട പിഐഎകളും കുടുംബശ്രീ ഡിഡിയുജികെവൈ ടീമും. ലോക്ഡൗൺ കാലം മികച്ച രീതിയിൽ വിനിയോഗിക്കാൻ തീരുമാനം കൈക്കൊണ്ട പരിശീലനാർത്ഥികൾക്കും അതിന് സൗകര്യമൊരുക്കിയവർക്കും എന്റെ എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

#MakingAnImpact

DDUGKY's e-learning portal becomes effective

We had already explained about the arrangements made to effectively make use of the lock down period for the students of DDUGKY. As you all know DDUGKY is the skill training programme implemented through Kudumbashree for the rural youth in Kerala. Details of our initiatives in DDUGKY during lock down are elaborated in 'Making an Impact' Article-240. Also, we explained about the special e-portal arranged for offering online courses for the DDUGKY students in 'Making an Impact' Article - 241. Telephone Befriending activity was highlighted yesterday ('Making an Impact' Article-271) which is being implemented for extending emotional support to the students. Also the aim was to know about the crisis faced by students during covid-19 pandemic. The special e-learning portal which was started from 5 May has turned out to be helpful for the DDUGKY students.

Through this special e learning portal, we implemented an innovative concept of offering a special online course to all students. This course would help them in developing their soft skills. Also it will help them make use of the lock down period effectively. The course was implemented to increase their proficiency in english language and improve their soft skills. We were aware that 'Skill Pro', one of the DDUGKY Training Agencies, was implementing such an online course. It was the 'I Shiksha' project of skill pro, offered to the students as a paid online course. We discussed the same with them. In discussion with Skill pro, their management assured that they would provide this online course for free to all DDUGKY students in Kerala during this lock down period.

The online course is framed in such a way that it would be completed in one month. The students registered through respective training agencies may download course application and continue course by logging in through mobile or laptop. This was the way we followed. The Basic Conversational English includes five modules and Soft Skills consists of two modules. The English section includes portions such as Including yourself and others, chatting with co-workers and others, seeking advice and giving advice, directions to an address, expressing emotions etc. The soft skills module includes sections such as Grooming for Work and Right Attitude for Work. Also there are videos, powerpoint presentations and pictorial and video presentations as learning tools.

Tests based on each lesson are also given at the end of each module. Those who would score 50% marks in the examination after each module would succeed. A student can use 5 chances to write these examinations at the end of each module. The PIAs may review the academic growth of each student through this application. The final examination would be conducted once all the modules would be completed.

Good responses were received from the students when we published the details of this online course. 3540 students registered for the online course through 46 agencies. 767 students completed all the seven modules. 417 students passed the final exam and secured the certificate. 1542 students are studying various modules. 1231 students could not start the online course as the internet facility was not available to them. The concerned PIAs and Kudumbashree DDUGKY team is trying to resolve this issue by making arrangements to help them to start studying the course. Appreciations to all students who have decided to make use of the lock down period effectively and those who made arrangements for them.

#MakingAnImpact




102 · 9 comments 39 shares

Share

English (UK) · हिन्दी · اردو · தமிழ் · Español
Privacy · Terms · Advertising · AdChoices · Cookies · More
Facebook © 2021